**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1000** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി തദ്ദേശീയരായ വനാശ്രിതരുടെ പങ്കാളിത്തത്തോടെയാണ് ഇക്കോടൂറിസം പദ്ധതികൾ വനം വകുപ്പ് നടപ്പാക്കി വരുന്നത്. നിലവിൽ വനം വകുപ്പിന്റെ കീഴിൽ 80 ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. തദ്ദേശീയരായ വനാശ്രിത അംഗങ്ങൾ ഉൾപ്പെട്ട വനസംരക്ഷണ സമിതികൾ (VSS)/ ഡെവലപ്മെന്റ് കമ്മറ്റികൾ (EDC) എന്നിവയുടെ നേതൃത്വത്തിലാണ് ഇക്കോടൂറിസം നടപ്പാക്കുന്നത്. എല്ലാ അംഗങ്ങൾക്കും തൊഴിൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് അംഗങ്ങളെ നിയോഗിച്ച് വരുന്നത്. ഇക്കോടൂറിസം നടത്തിപ്പിലൂടെ 2170 പേർക്കോളം പ്രത്യക്ഷമായും ഏകദേശം 20000 പേർക്കോളം പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. ഇക്കോടൂറിസം വഴി ലഭിക്കുന്ന വരുമാനം പദ്ധതി പ്രദേശങ്ങളുടെ സംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾക്കും, മാലിന്യനിർമാർജ്ജനത്തിനും, ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നിയോഗിക്കപ്പെടുന്ന സമിതി/കമ്മിറ്റി അംഗങ്ങളുടെ പ്രതിഫലം നൽകുന്നതിനും, തദ്ദേശീയ വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനും, ജൈവ-വൈവിധ്യ സംരക്ഷണത്തിനും വിനിയോഗിക്കുന്നു.<br><br>ഇക്കോടൂറിസം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും, സന്ദർശക ബാഹുല്യം മൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക ആഘാതം കുറക്കുന്നതിനുമായി ഓരോ ഇക്കോടൂറിസം പദ്ധതി പ്രദേശത്തിനും ഉൾക്കൊള്ളുവാൻ കഴിയുന്ന സന്ദർശകരുടെ തോത് കണക്കാക്കുന്നതിനായി സന്ദർശക വാഹക ശേഷി പഠനം (Carrying Capacity Study) നടത്തി വരുന്നുണ്ട്. നിലവിൽ 34 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ടി പഠനം പൂർത്തിയായിട്ടുണ്ട്. കൂടാതെ 23 ഇക്കോടൂറിസം |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളിൽ പഠനം പുരോഗമിച്ച് വരുന്നു. സന്ദർശകവാഹകശേഷി പഠനം കൂടാതെ പ്രവർത്തനക്ഷമതയും സന്ദർശകരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി 38 കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റുകൾ (Safety Audits) നടത്തിയിട്ടുണ്ട്. 14 ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ പഠനം പുരോഗമിച്ച് വരുന്നു. സുരക്ഷാ മാനദണ്ഡങ്ങൾക്ക് പുറമെ, സന്ദർശകർക്കുള്ള സൗകര്യങ്ങളും ദീർഘകാലാടിസ്ഥാനത്തിലുള്ള സാധ്യതകളും വിലയിരുത്തുന്നതിനായി 18 കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ ഓഡിറ്റുകൾ (Destination Audit) നടത്തിയിട്ടുണ്ട്. 28 ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ പഠനം പുരോഗമിക്കുന്നു.<br><br>ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങൾ ഉണ്ടാകുന്ന പക്ഷം സന്ദർശകർക്ക് (ഇന്ത്യൻ പൗരന്മാർക്ക് മാത്രം) നഷ്ടപരിഹാരം ലഭിക്കുന്നതിനായി യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് അപകട ഇൻഷുറൻസും, എല്ലാ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും ജോലിചെയുന്ന ഗൈഡുകൾ ഉൾപ്പെടെയുള്ള VSS/EDC സമതി അംഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഇ-ടിക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി, എല്ലാ കേന്ദ്രങ്ങളിലും POS മെഷീനുകൾ സ്ഥാപിച്ചു. ecotourism.forest.kerala.gov.in എന്ന പോർട്ടൽ വഴിയും 'Kerala Forest Ecotourism' ആപ്പ് വഴിയും ഓൺലൈൻ റിസർവേഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഏതെല്ലാം മേഖലകളിലാണ് ഈ പദ്ധതി പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | താമരശ്ശേരി റെയ്ഞ്ചിനു കീഴിലെ കക്കാടംപൊയിൽ, പെരുവണ്ണാമൂഴി റെയ്ഞ്ചിനു കീഴിലെ വയലട എന്നീ പ്രദേശങ്ങളിൽ പുതിയ സെന്ററുകൾ ആരംഭിക്കാനുള്ള പ്രൊപ്പോസൽ ഇക്കോ ടൂറിസം ക്ലിയറൻസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ